പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-4958 06-02-2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## 'വായ്പാ മാഫിയ' ക്കെതിരെ സമഗ്ര അന്വേഷണം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർഫാസി നിയമപ്രകാരം (സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്) നിർദ്ധനരായ നിരവധിപേർക്ക് വായ്പാ കുടിശ്ശിക വരുത്തിയതിന്റെ പേരിൽ കിടപ്പാടം നഷ്ടപ്പെട്ടതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | കണ്ണൂർ ജില്ലയിൽ പരാതി ലഭിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിലെ ഫെഡറൽ ബാങ്ക് വാടാനപ്പള്ളി ശാഖ സർഫാസി നിയമ പ്രകാരം സ്വത്ത് വകകൾ ജപ്തിചെയ്ത് ലേലം ചെയ്തതിനെതിരെ ശ്രീ.കെ.ആർ.ഡേവിസ്, ബി1 മോർണിംഗ് മിസ്റ്റ് അപ്പാർട്ട്മെന്റ്, കൂര്യച്ചിറ പി.ഒ,തൃശൂർ എന്നയാൾ കണ്ണൂർ ജില്ലാ കളക്ടർ മുമ്പാകെ നൽകിയ ഹർജി ബന്ധപ്പെട്ട അധികാരിയെ സമീപിക്കേണ്ടതാണെന്ന് നിർദ്ദേശത്തോടു കൂടി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (ബി)പാവപ്പെട്ടവരുടെ ഭൂമി കൈക്കലാക്കി, ഭീമമായ തുകയ്ക്ക് ബാങ്കുകളിൽ ഈടു നൽകിക്കൊണ്ട് പണം തട്ടുന്നവരെക്കുറിച്ച് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ; | മറുപടി നൽകിയിട്ടുണ്ട്. |
| (സി)വായ്പാ തട്ടിപ്പിന് ഇരയായവർക്ക് കിടപ്പാടം തിരിച്ചു നൽകുന്നതിനും കടം എഴുതിതള്ളുന്നതിനും നടപടി സ്വീകരിക്കുമോ; | ഇത്തരം ഒരു നടപടി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി)'വായ്പാ മാഫിയ'ക്കെതിരെ സമഗ്ര അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ